ഓഹരിവിപണി

156.06 ↓	സെൻസെക്സ്	35387.88
60.75 ↓	നിഫ്ടി	10741.10

സ്വർണം

പവൻ (8ഗ്രാം)	23,160
ഒരു ഗ്രാം	2895

ഹോണ്ടയുടെ ഏറ്റവും പുതിയ അമേസിന്റെ ലോഞ്ചിംഗ് തിരുവനന്തപുരം പെർഫെക്ട് ഹോണ്ടയിൽമന്ത്രികടകംപള്ളിസുരേന്ദ്രൻനിർവഹിക്കുന്നു. ഹോണ്ടകാർസ്ഇന്ത്യ സോണൽഹെഡ്സെന്തിൽകുമാർ, റീജിയണൽമാനേജർശാന്തനുശേഖർ, പെർഫെക്ട്ഹോണ്ട മാനേജിംഗ് ഡയറക്ടർമാരായ ആസാദ് ഹാരി പോത്തൻ, അജയ് ഹാരി ഹോത്തൻ എന്നിവർ സമീപം.

ഹോണ്ടയുടെ ഏറ്റവും പുതിയ അമേസിന്റെ ലോഞ്ചിംഗ് ആപ്കോ ഹോണ്ടയുടെ കോഴിക്കോട് ശാഖയിൽ നടന്ന ചടങ്ങിൽ ഫെഡറൽ ബാങ്ക് മാനേജർ മെർലിൻ ഹെംലെറ്റ് നിർവഹിക്കുന്നു. സെയിൽസ് ക്വാളിറ്റി മാനേജർ ഷബീന, സീനിയർ സെയിൽസ് മാനേജർ മനോജ്, ആപ്കോ ഗ്രൂപ്പ് വൈസ് പ്രസിഡന്റ് സുബ്രഹ്മണ്യൻ തുടങ്ങിയവർ സമീപം.

ജിയോജിത്തിന്റെ ലാഭം 26 ശതമാനം കുതിച്ചു

കൊച്ചി: പ്രമുഖ നിക്ഷേപ സേവന സ്ഥാപനമായ ജിയോജിത് ഫിനാൻഷ്യൽ സർവീസസ് കഴിഞ്ഞ സാമ്പത്തിക വർഷത്തെ അവസാന പാദമായ ജനവരി - മാർച്ചിൽ 26 ശതമാനം കുതിപ്പോടെ 19.28 കോടി രൂപയുടെ ലാഭം നേടി. 15 കോടി രൂപയായിരുന്നു മുൻവർഷത്തെ സമാനപാദത്തിലെ ലാഭം. വരുമാനം 79 കോടി രൂപയിൽ നിന്ന് 20 ശതമാനം വർദ്ധിച്ച് 95.66 കോടി രൂപയിലുമെത്തി. ജനവരി - മാർച്ചിൽ നികുതി മുമ്പുള്ള ലാഭം 30 കോടി രൂപയാണ്. വർദ്ധന 21 ശതമാനം. 2016-17ലെ സമാനപാദത്തിൽ ഇത് 24 കോടി രൂപയായിരുന്നു.

സാമ്പത്തിക വർഷത്തെ മൊത്തം ലാഭം 56 കോടി രൂപയിൽ നിന്ന് 31 ശതമാനം ഉയർന്ന് 73.24 കോടി രൂപയായി. നികുതിക്ക് മുമ്പുള്ള ലാഭത്തിൽ 26 ശതമാനം വർദ്ധനയുണ്ട്. 91 കോടി രൂപയിൽ നിന്ന് 115 കോടി രൂപയിലേക്കാണ് ഇതുയർന്നത്. വരുമാനം 20 ശതമാനം വർദ്ധിച്ച് 368 കോടി രൂപയായി. 306 കോടി രൂപയായിരുന്നു 2016 -17ൽ വരുമാനം. മാർച്ച് 31 വരെയുള്ള കണക്കുപ്രകാരം കമ്പനി കൈകാര്യം ചെയ്യുന്ന നിക്ഷേപകരുടെ ആസ്തി 38,600 കോടി രൂപയാണ്. മികച്ച പ്രവർത്തന ഫലത്തിന്റെ പിൻബലത്തിൽ ഒരു രൂപ മുഖവിലയുള്ള ഓഹരിയൊന്നിന് രണ്ടു രൂപ വീതം (200 ശതമാനം) ലാഭവിഹിതം നൽകാൻ ഡയറക്ടർ ബോർഡ് തീരുമാനിച്ചു.

> മ്യൂച്വൽഫണ്ട് എസ്.ഐ.പി വിതരണത്തിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിച്ച ജിയോജിത്തിന്റെ നടപടി, ഈ വിഭാഗത്തിൽ നിന്നുള്ള വരുമാനം 92 ശതമാനം വർദ്ധിക്കാൻ സഹായകമായി. കഴിഞ്ഞവർഷം 90,000ത്തോളം പുതിയ ഇടപാടുകാരെയാണ് ജിയോജിത്തിന് ലഭിച്ചത്'',
>
> **സി.ജെ. ജോർജ്,**
> *മാനേജിംഗ് ഡയറക്ടർ,*
> *ജിയോജിത്*

കേരളത്തിൽ വൻ വിപുലീകരണത്തിന് സെലിയോ

ചെന്നൈ: പ്രമുഖ ഫ്രഞ്ച് മെൻസ് റെഡി ടു വെയർ ബ്രാൻഡായ സെലിയോ കേരളത്തിൽ സാന്നിദ്ധ്യം ശക്തമാക്കുന്നു. ദക്ഷിണേന്ത്യൻ വിപണിയിൽ 55 ശതമാനം വിഹിതമുള്ള സെലിയോ കേരളത്തിൽ മൂന്നു മടങ്ങ് വളർച്ചയാണ് ലക്ഷ്യമിടുന്നത്. നഗരങ്ങളിലേക്കും ഉൾപ്രദേശങ്ങളിലേക്കും സാന്നിദ്ധ്യം വ്യാപിപ്പിക്കും. നഗരങ്ങളിൽ സാന്നിദ്ധ്യം വിപുലപ്പെടുത്താൻ തിരുവനന്തപുരത്ത് പോത്തീസ് പോലെ മറ്റു സ്ഥാപനങ്ങളുമായി സഹകരിക്കും.

ഫ്രഞ്ച് ഫാഷൻ ഷർട്ടുകൾക്ക് ഏറെ ഡിമാൻഡ് കേരളത്തിലുണ്ടെന്ന് സെലിയോ ഫ്യൂച്ചർ ഫാഷൻ ഇന്ത്യ മാർക്കറ്റിംഗ്, പി.ആർ ആൻഡ് ലോയൽറ്റി ഹെഡ് അഭിഷേക് ഷെട്ടി പറഞ്ഞു. ഷർട്ടുകൾ, ഡെനിംസ്, മറ്റുത്പന്നങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് വിവിധ ഓഫറുകൾ ഓണക്കാലത്ത് ബ്രാൻഡ് അവതരിപ്പിക്കും. കൊച്ചിയിലെ പുതിയ ഫ്ലാഗ്ഷിപ്പ് - കൺസെപ്റ്റ് സ്റ്റോർ ലുലുമാളിൽ സെലിയോ റീലോഞ്ച് ചെയ്യും. ഇത്തവണത്തെ ലുലു ഫാഷൻ വീക്കിന്റെ ടൈറ്റിൽ സ്പോൺസറും സെലിയോ ആയിരുന്നു.

ഷൂസ്, ആക്സസറീസ് എന്നിവയടക്കം എസൻഷ്യൽസ്, കാഷ്വൽ, ഡെനിം, സ്മാർട്ട് എന്നീ ശ്രേണികളിലായി സമ്പൂർണ വസ്ത്രനിരയാണ് ലുലുവിലെ ഷോറൂമിൽ അണിനിരത്തുക. 60 രാജ്യങ്ങളിലായി 1,100ലധികം സ്റ്റോറുകളിൽ സെലിയോയുടെ സാന്നിദ്ധ്യമുണ്ട്. പ്രമുഖ ഇ - കൊമേഴ്സ് സ്റ്റോറുകളിലും സെലിയോ ഉത്പന്നങ്ങൾ ലഭ്യമാണ്.

രൂപ വീണ്ടും നേട്ടത്തിന്റെ ട്രാക്കിൽ

കൊച്ചി: ഡോളറിന്റെ അപ്രമാദിത്യത്തിൽ പിടിച്ചു നിൽക്കാനാകാതെ കഴിഞ്ഞ ദിവസങ്ങളിൽ 15 മാസത്തെ താഴ്ചയിലേക്ക് തകർന്നടിഞ്ഞ ഇന്ത്യൻ റുപ്പി, ഇന്നലെ മികച്ച നേട്ടത്തിലേക്ക് കരകയറി. 68.11 വരെ കഴിഞ്ഞദിവസം കൂപ്പുകുത്തിയ രൂപ ഇന്നലെ 30 പൈസയുടെ നേട്ടവുമായി 67.81ലാണ് വ്യാപാരം അവസാനിപ്പിച്ചത്. പൊതുമേഖലാ ബാങ്കുകൾ വഴി വൻതോതിൽ ഡോളർ വിറ്റഴിക്കാൻ റിസർവ് ബാങ്ക് തയ്യാറായതാണ് രൂപയ്ക്ക് നേട്ടത്തിലേക്കുള്ള ട്രാക്ക് തുറന്നത്.

അന്താരാഷ്ട്ര റെയിൽ കോച്ച് പ്രദർശനം ഇന്നു മുതൽ

ചെന്നൈ: സി.ഐ.ഐയുടെ സഹകരണത്തോടെ റെയിൽവേയുടെ ഇന്റഗ്രൽ കോച്ച് ഫാക്ടറി (ഐ.സി.എഫ്) സംഘടിപ്പിക്കുന്ന പ്രഥമ അന്താരാഷ്ട്ട റെയിൽ കോച്ച് എക്സിബിഷൻ ഇന്നും നാളെയുമായി പെരമ്പൂർ ആർ.പി.എഫ് പരേഡ് ഗ്രൗണ്ടിൽ നടക്കും. 100 രാജ്യങ്ങളിലെ കോച്ച് നിർമ്മാണ കമ്പനികൾ പങ്കെടുക്കുന്ന എക്സിബിഷനിൽ കോച്ചുകളുടെയും ഘടകങ്ങളുടെയും പ്രദർശനമാണുള്ളത്. 'മെയ്ക്ക് ഇൻ ഇന്ത്യ' കാമ്പയിന്റെ ഭാഗമായി ഈ രംഗത്തെ കമ്പനികളെ ഒരു കുടക്കീഴിൽ കൊണ്ടുവരികയും പ്രദർശനത്തിന്റെ ലക്ഷ്യമാണെന്ന് ഐ.സി.എഫ് അധികൃതർ പറഞ്ഞു.

കോച്ച് നിർമ്മാണത്തിലെ ആധുനിക സാങ്കേതികവിദ്യ, അതിവേഗം സഞ്ചരിക്കുന്ന ട്രെയിനുകൾ, ബുള്ളറ്റ് ട്രെയിനുകളുടെ നിർമ്മാണം തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങളും പ്രദർശനത്തിലൂടെ കണ്ടറിയാം. ഇന്ത്യൻ റെയിൽവേയുടെ ചരിത്രം വിവരിക്കുന്ന പ്രദർശനവും ഉൾപ്പെടുത്തിയിട്ടുണ്ട്. വൈകിട്ട് മൂന്നു മുതൽ ആറുവരെയാണ് പൊതുജനങ്ങൾക്ക് പ്രവേശനം.

ഇ-കൊമേഴ്സിൽ തരംഗമാകാൻ 'റിയൽമീ'യുമായി ഓപ്പോ

▸അനിൽകുമാർ ശർമ്മ

ഗുഡ്ഗാവ്: ഓൺലൈനിലൂടെ സ്മാർട്ട്ഫോൺ വാങ്ങാൻ ഇഷ്ടപ്പെടുന്നവർക്കായി ഓപ്പോ, 'റിയൽമീ' എന്ന പുത്തൻ ബ്രാൻഡ് അവതരിപ്പിച്ചു. ഇ-കൊമേഴ്സിലൂടെ മികച്ച നേട്ടം കൊയ്യുന്ന ഷവോമി റെഡ്മിയുടെ കുത്തക തകർക്കാൻ വൻ വിലക്കുറവുമായാണ് റിയൽമീയുടെ വരവ്. ആമസോൺ എക്സ്ക്ലൂസിവിലൂടെ മാത്രമാണ് വില്പന. ആദ്യ മോഡലായ റിയൽമീ 1ന്റെ രണ്ടു വേരിയന്റുകളുടെ വില്പന 25ന് ഉച്ചയ്ക്ക് 12ന് ആരംഭിക്കും. 13,990 രൂപയുടെ 6ജിബി റാം + 128 ജിബി റോം, 8,990 രൂപയുടെ 3ജിബി റാം + 32 ജിബി റോം എന്നിവയാണവ.

10,990 രൂപയുടെ 4ജിബി + 64 ജിബി റോം മോഡലും ഉടനെത്തുമെന്ന് ഗുഡ്ഗാവിലെ ആമസോൺ ബ്ലിങ്ക് സ്റ്റുഡിയോയിൽ നടന്ന ചടങ്ങിൽ റിയൽമീ സി.ഇ.ഒ മാധവ് സേഠ് പറഞ്ഞു. ചുവപ്പ്, ഡയമണ്ട് ബ്ലാക്ക് നിറങ്ങളാണുള്ളത്. ഒതുക്കമുള്ള ബോഡി, മികവുറ്റ ആറിഞ്ച് ഫുൾ എച്ച്.ഡി ഡിസ്പ്ലേ, ഡ്യുവൽ 4ജി സിം, 2.0 ജിഗാഹെട്സ് 8 കോർ പ്രൊസസർ, 3410 എം.എ.എച്ച് ബാറ്ററി, ആൻഡ്രോയിഡ് 8.1 അധിഷ്ഠിത കളർ 5.0 ഒ.എസ്., 13 എം.പി റിയർ ക്യാമറ, 8 എം.പി സെൽഫീ ക്യാമറ എന്നിങ്ങനെയും സവിശേഷതകളുണ്ട്. റിയൽമീയുടെ സർവീസ് സേവനങ്ങൾ ഓപ്പോ നൽകും. റിയൽമീ ചീഫ് പ്രോഡക്ട് ഓഫീസർ ലെവി ലീ, ആമസോൺ മൊബൈൽസ് സീനിയർ സെയിൽസ് മാനേജർ ആദിത്യ മൂർത്തി എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.

ഗുഡ്ഗാവിൽ നടന്ന ചടങ്ങിൽ റിയൽമീ സി.ഇ.ഒ മാധവ് സേഠ്, സി.പി.ഒ ലെവീ ലീ, ആമസോൺ മൊബൈൽസ് സീനിയർ സെയിൽസ് മാനേജർ ആദിത്യ മൂർത്തി, ടി.എൽ. ലീ എന്നിവർ ചേർന്ന് റിയൽമീ 1 സ്മാർട്ട്ഫോൺ വിപണിയിലിറക്കുന്നു.

SCRIP	BSE	NSE
ABB	1233.150	1234.600
ACC	1410.600	1410.800
AMARAJA	861.400	861.450
ANDHARA BANK	35.250	35.150
APOLLOTYRE	293.300	294.050
APPOLOHOS	1028.600	1029.450
ARVINDMILL	421.550	422.600
ASIANPNT	1320.800	1323.700
AVAYA GLOBAL	108.250	112.000
AXISBANK	549.350	550.000
BAJAJAUTO	2808.250	2811.900
BANKOFBARODA	132.400	132.050
BATAIND	759.950	759.950
BEML	1096.800	1098.300
BFLSOFT	1097.200	1098.250
BHARTI	375.350	375.350
BIOCON	642.300	642.600
BOI	95.000	95.100
BOMBDYE	281.400	281.150
BPCL	399.100	398.350
BRITANNIA	5561.450	5542.200
BSES	384.400	385.300
CANARABANK	240.850	241.000
CEAT	1411.400	1410.150
CENTURY TEXT	1062.750	1063.250
CHENNAIPETRO	299.350	299.300
CIPLA	559.850	559.900
COLGATE	1173.950	1178.200
CORPBNK	26.000	25.850
DABUR	374.200	373.850
DENABANK	16.250	16.350
DIVIS LAB	1166.150	1165.150
DRREDDY	1994.100	1993.950
ESCORTS	958.050	956.750
FEDERALBNK	83.700	83.650
FINLXCABLE	680.950	680.000
GAIL	330.850	330.650
GEOJIT	99.400	99.600
GESHIPP	348.800	349.350
GLAXO	2427.350	2425.000
GLENMARK	518.050	518.200
GNFC	479.100	480.050
GODREJS	1094.050	1093.550
GRASIM	1083.900	1082.400
HDFC	1914.850	1914.550
HDFCBNK	2024.450	2023.350
HEROHONDA	3576.400	3575.500
HINDALCO	240.000	239.750
HINDLEVER	1574.200	1574.100
HINDUJAFUN	767.950	765.500
HPCL	318.300	318.400
I-FLEX	3984.000	3998.850
ICICIBANK	297.900	297.250
IDBI	62.150	62.050
INFOSYS	1190.050	1189.950
INFOTECH ENT	815.250	814.550
IOB	16.550	16.600
IOC	166.200	165.950
ITC	285.950	285.850
KALECONSULT	1310.800	1308.450
KARUR VYSYA BANK	99.350	99.550
KOTAKM	1281.750	1281.400
L&T	1364.750	1362.350
LICHSGFIN	496.600	497.500
LUPINCHEM	766.750	766.500
M&M	853.000	853.100
MAHABANK	13.120	13.100
Mahindra Holidays	333.550	333.950
MARUTI	8698.050	8695.600
MAXIND	490.150	489.800
MCDOWEL	3216.550	3215.250
MRF	74787.250	74873.400
NAICHOLAS	2416.400	2418.750
PFIZER	2454.300	2448.600
POLARIS	468.600	471.100
RAMCOSYS	428.800	427.650
RELCAP	374.850	374.650
RELIANCE	956.450	956.150
SARIGAMA	821.200	822.800
SBI	243.150	243.100
SCI	65.550	65.450
SIB	26.200	26.150
SIEMENS	1055.750	1055.500
SKFBEAR	1766.500	1771.100
SMITHKLC	5948.000	5944.650
STROPTICAL	314.750	314.950
SUNPHARMA	471.850	471.700
SYNDIBANK	43.850	43.950
Tata Communications	623.650	624.050
TATACHEM	729.800	729.550
TATAELXSI	1166.050	1167.550
TATATEA	241.350	241.100
TCS	3495.550	3493.900
TELCO	310.400	310.250
THERMAX	1179.900	1182.100
THMCOOK	274.100	274.850
TIPSINDIA	119.250	117.700
TISCO	622.050	621.250
TITANIND	930.950	931.150
TRIGYNTECH	134.400	135.050
UCOBANK	18.400	18.250
UNICHEMLAB	262.500	262.650
VESUVIUS	0.000	1289.100
Vguard	236.050	236.550
VOLTAS	591.150	591.350
WIPRO	274.300	274.700
WONDERLA	358.150	359.750
ZEETELE	576.900	575.750

വിനിമയനിരക്ക്

കറൻസി	സെൽ	ബയിംഗ്
ഡോളർ	67.85	67.76
യൂറോ	79.84	79.77
പൗണ്ട്	91.43	91.32
സ്വിസ്ഫ്രാങ്ക്	67.79	67.69
സിംഗപ്പൂർ ഡോളർ	50.50	50.43
ആസ്ട്രേലിയ ഡോളർ	50.74	51.68
കനേഡിയൻ	52.77	52.68
ബഹ്റിൻ ദിനാർ	180.42	
കുവൈറ്റ് ദിനാർ	225.61	
ഒമാനി റിയാൽ	176.82	
സൗദി റിയാൽ	18.15	
യു. എ. ഇ. ദിർഹം	18.53	
ഖത്തർ റിയാൽ	18.69	

കമ്പോളനിലവാരം

കൊച്ചി	
വെളിച്ചെണ്ണ മില്ലിംഗ്	19,500
വെളിച്ചെണ്ണ	18,000
കൊപ്ര	12,005-12,965
പിണ്ണാക്ക്എക്സ്പെല്ലർ	2450
പിണ്ണാക്ക്റോട്ടറി	2700
കുരുമുളക്	
ചേറ്റാത്തത്	36,000
കുരുമുളക്പുതിയത്	34,500
കുരുമുളക്ചേറ്റിയത്	38,000
ചുക്ക്മീഡിയം	12,000-12,500
ചുക്ക്ബെസ്റ്റ്	13,000-14,000
മഞ്ഞൾ	11,500
സേലം-ഈറോഡ്	8300-8700
കാഞ്ഞിരക്കുരു	1850
അടയ്ക്ക	
പുതിയത്	18,000-19,000
അടയ്ക്കപഴയത്	ഇല്ല
പഞ്ചസാര	3100
വറ്റൽമുളക്	10000-15,000
ഉഴുന്ന്	6200-6800
ചെറുപയർ	7500-8200
കടല	4,500-5,500
മുതിര	4100
എള്ള്	11,000
മല്ലി	6,000-9,500
പച്ചരി നമ്പർ-2	2350
പുഴക്കലരി(ജയ)	3500
ജാതിക്കതൊണ്ടൻ	160-180
തൊണ്ടില്ലാത്തത്	300-350
ജാതിപത്രി	400-500
ഗ്രാമ്പൂ	675
പാംഓയിൽ	7470
പൈനാപ്പിൾ	
പച്ച	30.00
പച്ച (സ്പെഷ്യൽ)	31.00
പഴം	33.00
റബർ	
ആർഎസ്എസ്4	12,200
ആർഎസ്എസ്-5	11,800-12,200
ഒട്ടുപാൽ	8900
ലാറ്റക്സ്	8500
ആലപ്പുഴ	
ആലപ്പുഴമാർക്കറ്റ്	
വെളിച്ചെണ്ണമില്ലിംഗ്	19800
വെളിച്ചെണ്ണ	18300
കൊപ്ര	12950
,,	13000
,,	13050
കോട്ടയം	
കമ്പോളനിലവാരം	
വ്യാപാരിവില	
ആർ.എസ്.എസ്4	120.00
ആർ.എസ്.എസ്5	118.00
തരംതിരിക്കാത്തത്	111.50
ഒട്ടുപാൽ	81
റബർബോർഡ്	
ആർ.എസ്.എസ്4	12400
ആർ.എസ്.എസ്5	12200
തരംതിരിക്കാത്തത്	11950
ഒട്ടുപാൽ	8770
ബാങ്കോക്ക്	
ആർ.എസ്.എസ്1	12098
ആർ.എസ്.എസ്2	11971
ആർ.എസ്.എസ്3	11854
ആർ.എസ്.എസ്4	11791
ആർ.എസ്.എസ്5	11695
കോലാലമ്പൂർ	
(ബ്രായ്ക്കറ്റിൽ ഡോളർ വില)	
എസ്.എം.ആർ 20	9505 (140.75)
60% ലാറ്റക്സ്	8250(122.15)
വെളിച്ചെണ്ണ	20700
കൊപ്ര	13400
ശർക്കര (മറയൂർ)	6400
ശർക്കര (പാണ്ടി)	4800
തൃശൂർ	
മാർക്കറ്റ്	
വെളിച്ചെണ്ണ	19,000
കൊപ്ര	12,400
തേങ്ങാപിണാക്ക്	2,400
നല്ലെണ്ണ	2300
കടലെണ്ണ	2200
എള്ളിൻപിണാക്ക്	3350
അടക്ക(കൊക്കാല)	
പുതിയത്	3600-4200
പഴയത്	3600-4400
രണ്ടാംതരം	1000-2000
അമല	
പുതിയത്	3900-4306
പഴയത്	4000-4300
രണ്ടാംതരം	2500-3000
അടയ്ക്ക പഴഞ്ഞി	
പുതിയത്	4000-4275
പഴയത്	4000-4350
രണ്ടാംതരം	2500-3300
നെടുമങ്ങാട്	
കമ്പോള നിലവാരം	
കുരുമുളക്	320 (കിലോ)
കൊട്ടപ്പാക്ക്	170(,,)
റബ്ബർ	111(,,)
ഒട്ടുപാൽ	70(,,)
ജാതിക്ക	140(,,)
ജാതിപരിപ്പ്	280(,,)
ജാതിപത്രി	500(,,)
ഗ്രാമ്പു	500(,,)
കാപ്പിപരിപ്പ്	95(,,)
കൊക്കോ	10(,,)
തേങ്ങ	42(,,)
കശുവണ്ടി	110(,,)
സ്വർണം	
കൊച്ചി(8ഗ്രാം)	23,160
ഒരുഗ്രാം	2895
വെള്ളി	
തിരുവനന്തപുരം	44000
കൊച്ചി	44000

ഊട്ടി തങ്കാഡു ഗ്രാമത്തിൽ ദ്ദുഡ്ഡമനെ ദിനാചരണത്തോട് അനുബന്ധിച്ച് നടന്ന ബഡ്ഗ സമുദായ സംഗമത്തിൽ ഡോ. ബോബി ചെമ്മണ്ണൂരിനെ മുതിർന്ന നേതാവ് കാമറയ്യ ആദരിക്കുന്നു. ബി. കൃഷ്ണയ്യ, എൻ. കരുണാനിധി (ലയൺസ് ക്ലബ് ഡിസ്ട്രിക്റ്റ് ഗവർണർ), ബഡ്ഗ അസോസിയേഷൻ പ്രസിഡന്റ് കെ. മണിവർണൻ തുടങ്ങിയവർ സമീപം. സമുദായത്തിന്റെ പുതുതായി നിർമ്മിച്ച കമ്മ്യൂണിറ്റി ഹാളിന്റെ ഉദ്ഘാടനം ഡോ. ബോബി ചെമ്മണ്ണൂർ നിർവഹിച്ചു.

ശാസ്ത്രകൗമുദി

പാദസംരക്ഷണത്തിന് ഫൂട്ട് മസാജ്

പാദസംരക്ഷണത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഫൂട്ട് മസാജ്. കാലുകൾക്ക് കരുത്ത് പകരുന്ന ഫൂട്ട് മസാജ് നമ്മുടെ ആകെയുള്ള ആരോഗ്യത്തെ സംരക്ഷിക്കുന്നതിലും വളരെയധികം പ്രാധാന്യം അർഹിക്കുന്നു. ശരീരത്തിന്റെ നാഡീവ്യവസ്ഥകൾ പാദങ്ങളുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. പാദങ്ങളിലെ രക്തചംക്രമണമാണ് കാലിലേക്കുള്ള ഓക്സിജൻ പ്രവാഹത്തെ നിയന്ത്രിക്കുന്നത്. പ്രമേഹരോഗികൾ പാദങ്ങൾ മസാജ് ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കുക. ദിവസവും നിശ്ചിത സമയം ഇതിനായി മാറ്റി വയ്ക്കുകയും വേണം. ഇത് പാദത്തിന്റെ ആരോഗ്യം മെച്ചപ്പെടുത്തും.

ദിവസവും ഉറങ്ങാൻ പോകുന്നതിന് മുൻപ് ഏതെങ്കിലും ഒരു മോയ്സ്ചറൈസർ ഉപയോഗിച്ച് പാദങ്ങൾ മസാജ് ചെയ്യുന്നത് നല്ല ഉറക്കം ലഭിക്കാൻ ഉത്തമമായ വഴിയാണ്. മാനസിക സമ്മർദ്ദം അകറ്റാനും ഫൂട്ട് മസാജിന് കഴിയും. ഓഫീസിലെ ടെൻഷൻ കഴിഞ്ഞ് വൈകിട്ട് വീട്ടിലെത്തുമ്പോൾ അല്പനേരം പാദങ്ങൾ മസാജ് ചെയ്തു നോക്കൂ, പകൽനേരത്തെ സമ്മർദ്ദങ്ങളെ പടിക്ക് പുറത്താക്കാം.

കൗമുദി ടിവി

6.00	ഡിവോഷണൽസോംഗ്
6.26 am, pm	ദൈവദശകം
7.00	ജീസസ്ഈസ്എലൈവ്
7.30	പ്രണവം
8.00	സ്നേക്മാസ്റ്റർ
8.30	ന്യൂസ്ട്രാക്ക്
9.00	വൺഷോപ്പി
9.30	ഫിലിംബോക്സ്
10.35	സ്വയംവരം
11.35	സ്വയംവരം
12.35	സ്ട്രെയ്റ്റ്ലൈൻ
1.35	സീക്രട്ട്ഫയൽസ്
2.35	ലേഡീസ്അവർ
6.00	താരപ്പകിട്ട്
6.35	ദേവാമൃതം
7.00	ഓമൈഗോഡ്
8.00	ബിസിനസ്ന്യൂസ്
10.30	നേർക്കണ്ണ്

MEDIMIX
ദേവാമൃതം
MON TO FRI
6:30AM
6:35PM
Powered by
SEAGULL

ഡിഡി മലയാളം

7.00 കൃഷിദർശൻ
8.00 മേഘരാഗം

ഡിഡി കേരളം

11.30 കൃഷിദർശൻ
2.00 മാജിക്കൽ ഫിങ്കേഴ്സ്
8.30 ചാറ്റ്ഷോ
10.30 ചായക്കൂട്ട്
11.00 ഗാനശ്യാമസന്ധ്യ

ഏഷ്യാനെറ്റ്

6.00 വേഴാമ്പൽ
6.30 ശ്രീമുരുകൻ
7.00 വാനമ്പാടി
7.30 കറുത്തമുത്ത്
8.00 പരസ്പരം
8.30 കസ്തൂരിമാൻ
9.00 ഭാര്യ
9.30 കോമഡി സ്റ്റാർഡ് സീസൺ 2

ന്യൂസ്

8.00 വാർത്താ പ്രഭാതം
8.30 ചുറ്റുവട്ടം
12.30 നേർക്കുനേർ
2.30 ഡോ. ലൈവ്

ഏഷ്യാനെറ്റ് പ്ലസ്

7.30 മാനസവീര
8.00 അക്കരെയാണന്റെ മാനസം
8.30 മൗനം സമ്മതം

ANIMAL PLANET

06:00am Monster Wars
07:00 Wild Cats
08:00 Animal Planet Exclusives
09:00 Lords of the Jungle
10:00 Animals Unleashed
11:00 Survival Games
12:00 Animals Unleashed
02:00 100 Days 100 Tales
03:30 Survival Games
04:00 Lords of the Jungle
05:00 Wild Cats
06:00 Republic Day Special
08:00 Monster Wars

സിനിമ

ഏഷ്യാനെറ്റ് hd : 9.00 അച്ചാമ്മക്കുട്ടിയുടെ അച്ചായൻ

ഏഷ്യാനെറ്റ് മൂവീസ് : 7.00 ഇഞ്ചക്കാടൻ മത്തായി ആൻഡ് സൺസ് 10.00 ഉണ്ണികളെ ഒരു കഥ പറയാം 1.00 മനസ്സിനക്കരെ 4.00 ഹോട്ടൽ കാലിഫോർണിയ 7.00 സൗണ്ട് തോമ

ഏഷ്യാനെറ്റ് : 9.00 തേന്മാവിൻ കൊമ്പത്ത്

ഏഷ്യാനെറ്റ് പ്ലസ് : 12.00 കുബേരൻ

എസിവി : 9.00 കൗരവർ 2.00 ലൂസ് ലൂസ് അരപ്പിരി ലൂസ് 9.30 സ്റ്റോപ്പ് വയലൻസ്

റോസ്ബൗൾ : 6.00 പുതിയമുഖം

ജൂക്ക്ബോക്സ് : 6.30 മിന്നാരം

നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2018 മേയ് 17 വ്യാഴം)

മേടം : *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*

സ്വപ്ന സാക്ഷാത്കാരം, ആത്മനിർവൃതി, പരസഹായം ലഭിക്കും.

ഇടവം: *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*

കർമ്മമേഖല പുഷ്ടിപ്പെടും, മത്സര വിജയം, പദ്ധതികളിൽ നേട്ടം.

മിഥുനം : *(മകയിരം രണ്ടാം പകുതി ഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)*

സാമ്പത്തിക നേട്ടം, ആഘോഷങ്ങളിൽ പങ്കെടുക്കും. വിട്ടുവീഴ്ചാ മനോഭാവം.

കർക്കടകം : *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*

വ്യാപാരമേഖലയിൽ നേട്ടം, ആത്മവിശ്വാസം വർദ്ധിക്കും. കാര്യനിർവഹണ ശക്തി ഉണ്ടാകും.

ചിങ്ങം : *(മകം, പൂരം, ഉത്രം കാൽ ഭാഗം)*

സഹപ്രവർത്തകരുടെ സഹകരണം, ആരോഗ്യം ശ്രദ്ധിക്കണം. തോന്നലുകളെ അതിജീവിക്കും.

കന്നി : *(ഉത്രം അവസാന മുക്കാൽ ഭാഗം, അത്തം, ചിത്തിര ആദ്യ പകുതിഭാഗം)*

സുതാര്യതയുള്ള സമീപനം, ആശ്രയിച്ചുവരുന്നവർക്ക് അഭയം, പൂർവിക സ്വത്ത് ഭാഗം വച്ച് നൽകും.

തുലാം : *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)*

കർമ്മപദ്ധതികൾ ആവിഷ്കരിക്കും, സൽക്കാരത്തിൽ പങ്കെടുക്കും. നിലപാടിൽ മാറ്റങ്ങൾ വരുത്തും.

വൃശ്ചികം : *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)*

ഔദ്യോഗിക ചുമതലകൾ വർദ്ധിക്കും. സമയോചിതമായി പെരുമാറും. കുടുംബക്കാരോടൊപ്പം യാത്ര ചെയ്യും.

ധനു: (മൂലം, പൂരാടം, ഉത്രാടം 15 നാഴിക)

അവസരങ്ങൾ പ്രയോജനപ്പെടുത്തും. ആത്മസംതൃപ്തിയുണ്ടാകും, ഉല്ലാസയാത്രയ്ക്ക് അവസരം.

മകരം : *(ഉത്രാടം അവസാന മുക്കാൽഭാഗം, തിരുവോണം, അവിട്ടം- ആദ്യപകുതി).*

മംഗളകർമ്മങ്ങളിൽ പങ്കെടുക്കും. ഗൃഹോപകരണങ്ങൾ വാങ്ങും, അർഹതയ്ക്ക് അംഗീകാരം.

കുംഭം: *(അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*

സാമ്പത്തിക സഹായം ചെയ്യും. സുഹൃത്തുക്കൾ സഹായിക്കും. വിട്ടുവീഴ്ച ചെയ്യും.

മീനം : *(പൂരുരുട്ടാതി അവസാന കാൽഭാഗം, ഉത്രട്ടാതി, രേവതി).*

മാതാപിതാക്കളെ അനുസരിക്കും. ആത്മസംതൃപ്തിയുണ്ടാകും. സുഹൃത്തുക്കളുമായി സന്തോഷം പങ്കിടും.

- ഗോപകുമാർ ശർമ്മ